# കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിൽ വച്ച് 01.06.2013 ശനിയാഴ്ച രാവിലെ 10.30ന് നടത്തിയ മീറ്റിംഗിന്റെ നടപടി ചുരുക്കം

നം. LR J8 - 18051/12 തീയതി - 04.06.2013

കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള റവന്യൂ പുറമ്പോക്കുകളുടെ ഫോട്ടോ, എഫ്.എം.ബി എന്നിവ ശേഖരിക്കുന്നതും, പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതുമായി ബന്ധപ്പെട്ട് കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക് സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ നടത്തിയ മീറ്റിംങ്ങിൽ തീരുമാനിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

1) പുതിയ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി തഹസിൽദാർമാർ തലത്തിൽ ലാന്റ് ബാങ്കിനെപ്പറ്റി ഒരു അവലോകന ക്ലാസ് 3 മേഖലകളിലായി താഴെപ്പറയുന്ന തീയതികളിൽ നടത്താൻ തീരുമാനിച്ചു.

| തീയതി, സമയം | സ്ഥലം | പങ്കെടുക്കേണ്ടുന്ന ജില്ലകൾ |
|---|---|---|
| 15.06.2013, 11.00 am to 01.00 pm | തൊടുപുഴ താലൂക്ക് ഓഫീസ് | ഇടുക്കി, പത്തനംതിട്ട, കോട്ടയം |
| 29.06.2013 11.00 am to 01.00 pm | എറണാകുളം കളക്ട്രേറ്റ് കോൺഫറൻസ് ഹാൾ | എറണാകുളം, തൃശ്ശൂർ, പാലക്കാട് |
| 06.07.2013 11.00 am to 01.00 pm | കോഴിക്കോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാൾ | കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം |

2) കൊല്ലം, പാലക്കാട്, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നും ബാക്കി ലഭിക്കാനുള്ള എഫ്.എം.ബി / ലിത്തോ / ഫീൽഡ് മാപ്പ്, ഫോട്ടോ എന്നിവ ശേഖരിക്കുന്നതിനായി ലെയിസൺ ഓഫീസറായ ശ്രീ.ലാൽ വർഗ്ഗീസിനെ ചുമതലപ്പെടുത്തി.

3) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ നിന്നും ലഭിക്കാനുള്ള 301 കേസുകളിൽ മണക്കാട് വില്ലേജിലെ 239 കേസുകളുടെ സ്കെച്ച് കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ, സെൻട്രൽ സർവ്വെ ഓഫീസ് എന്നീ ഓഫീസുകളിൽ നിന്നും ശേഖരിക്കാനുള്ള നിർദ്ദേശം തിരുവനന്തപുരത്തിന്റെ ചുമതലയുള്ള ശ്രീമതി.രേഖക്ക് നൽകി. കൂടാതെ കടകംപള്ളി, വഞ്ചിയൂർ, ശാസ്തമംഗലം എന്നീ വില്ലേജുകളുടെ സ്കെച്ചുകൾ സർവ്വറിൽ അപ് ലോഡ് ചെയ്തത് സംബന്ധിച്ചുള്ള വിവരങ്ങൾ മുൻ ഹെഡ് സർവ്വെയർ അമീർ.ഇ.എം. ൽ നിന്ന് ശേഖരിക്കണമെന്നും കൂടാതെ തൈക്കാട് വില്ലേജിലെ സർവ്വെ നം.2096-ലെ സ്കെച്ച് നൽകിയിട്ടില്ലാത്തതിനെപ്പറ്റിയും വട്ടിയൂർക്കാവ് വില്ലേജിലെ സർവ്വെ നം.271/4,5,6 എന്ന കേസിലെ സർവ്വെ



കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
വെബ്സൈറ്റ് - www.kslb.kerala.giv.in
Email : kslbank@gmail.com

നം.വില്ലേജിൽ നിലവിലില്ല എന്ന് വാക്കാൽ പറഞ്ഞതിനെപ്പറ്റിയും റിപ്പോർട്ട് അതാത് വില്ലേജോഫീസറിൽ നിന്ന് വാങ്ങണമെന്നും നിർദ്ദേശം നൽകി.

4) ജൂൺ 3,4,5 തീയതികളിൽ ശ്രീ.അനീഷ്, ശ്രീമതി.മഞ്ജു, ശ്രീമതി.രേഖ എന്നിവർ സെൻട്രൽ സർവ്വെ ഓഫീസിൽ പോകുന്നതിനും തിരുവനന്തപുരം താലൂക്കിൽ നിന്നും ലഭ്യമല്ലാതിരുന്ന സ്കെച്ചുകൾ ശേഖരിക്കുന്നതിനും നിർദ്ദേശിച്ചു.

5) തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിലെ കിട്ടാനുള്ള 27 കേസുകൾ ലാന്റ് ബാങ്ക് സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ സർവ്വെ നടത്താൻ തീരുമാനിച്ചു.

6) ലാന്റ് ബാങ്കിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഇതുവരെ ലഭിച്ചിട്ടില്ലാത്ത സ്കെച്ച്, ഫോട്ടോ എന്നിവ താലൂക്കുകളിൽ പോയി താഴെ വിവരിക്കും പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള ജില്ലകളിൽ നിന്നും ശേഖരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചു

| ക്രമ നം | ഉദ്യോഗസ്ഥർ | ജില്ല | തീയതികൾ |
|---|---|---|---|
| 1 | ലാൽ വർഗ്ഗീസ്, അനീഷ്.എ.എൻ | തൃശ്ശൂർ | 06.06.2013, 07.06.2013 |
| 2 | ഷിബു കുമാർ.ബി, അനസ്.എ | കോഴിക്കോട്, കാസർഗോഡ് | 03.06.2013 to 07.06.2013 |
| 3 | മഹേഷ്.എം, അനസ്.എ.ജെ | കണ്ണൂർ | 05.06.2013,06.06.2013 |

മീറ്റിംങ് 12.00 മണിയോട് കൂടി അവസാനിക്കുകയുണ്ടായി.

അസിസ്റ്റന്റ് കമ്മീഷണർ (എൽ.എ) &
സ്പെഷ്യൽ ഓഫീസർ (കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക്)

(1) ഇടുക്കി, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, വയനാട്, മലപ്പുറം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലാ കളക്ടർമാർ (2) വ്യക്തികൾക്ക്
(3) സ്റ്റോക്ക് ഫയൽ



കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
വെബ്സൈറ്റ് - www.kslb.kerala.giv.in.
Email : kslbank@gmail.com